**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1499** **15.6.2012-ന് മറുപടിക്ക്**

**വയനാട് ജില്ലയിലെ സമ്പൂർണ്ണ ശുചിത്വയജ്ഞം**

| **ചോദ്യം**<br>ശ്രീ. എം. വി. ശ്രേയംസ്കുമാർ | **ഉത്തരം**<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
|---|---|
| എ) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിയ സമ്പൂർണ്ണ ശുചിത്വ യജ്ഞം(റ്റി.എ സ്.സി) പദ്ധതിയുടെ പ്രവർത്തന ങ്ങൾ വ്യക്തമാക്കുമോ ; | എ) സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 16015 വ്യക്തിഗത ഗാർഹിക കക്കൂസുകൾ, 8 സാമൂഹ്യശുചിത്വ സമുച്ചയങ്ങൾ, 47 അംഗൻവാടി ടോയ്ലറ്റുകൾ എന്നിവ പഞ്ചായത്തുകൾ മുഖേന നിർവഹണം നടത്തിയിട്ടുണ്ട്. കൂടാതെ വിവരവിജ്ഞാന വ്യാപനപ്രവർത്തന ങ്ങളുടെ ഭാഗമായി മഴക്കാലപൂർവ്വ ശുചീകരണ പരിപാടി, പകർച്ചവ്യാധി നിയന്ത്രണ പരിപാടി, ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കുമുള്ള പരിശീലനങ്ങൾ, ആദിവാസി കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പരിപാടികൾ, സ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടി ശുചിത്വ ആരോഗ്യ ക്ലാസ്സുകൾ, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തൊഴിലാളികൾക്ക് പ്രത്യേക ശുചിത്വ ആരോഗ്യ പരിശീലനം എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. അതുപോലെ മാലിന്യ സംസ്കരണ പരിപാടിയുടെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്തുകളും ശുചിത്വ സമീപന രേഖ തയ്യാറാക്കുകയും മാലിന്യ പരിപാലനത്തിന് പ്രോജക്റ്റുകൾ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കി സമർപ്പിച്ച 2 ഗ്രാമ പഞ്ചായത്തുകൾക്ക് സാമ്പത്തിക സഹായവും അനുവദിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ ബ്ലോക്ക്തലത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ; | ബി) | കഴിഞ്ഞ മൂന്നുവർഷങ്ങളിലായി (2009 ഏപ്രിൽ മുതൽ 2012 മാർച്ച് വരെ) വയനാട് ജില്ലയിൽ സമ്പൂർണ്ണ ശുചിത്വ യജ്ഞം പ്രോജക്റ്റ് പ്രകാരം ബ്ലോക്ക് തലത്തിൽ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു :-<br>സുൽത്താൻ ബത്തേരി ബ്ലോക്ക് - 139.73 ലക്ഷം രൂപ<br>പനമരം ബ്ലോക്ക് - 85.20 ലക്ഷം രൂപ<br>കൽപ്പറ്റ ബ്ലോക്ക് - 71.29 ലക്ഷം രൂപ<br>മാനന്തവാടി ബ്ലോക്ക് - 95.27 ലക്ഷം രൂപ |
| സി) | പ്രസ്തുത പദ്ധതിപ്രകാരം ആദിവാസി മേഖലകളിലെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്നു വിശദമാക്കുമോ; | സി) | ആദിവാസി മേഖലകളിൽ ശുചിത്വ സംവിധാനം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സമ്പൂർണ്ണ ശുചിത്വ യജ്ഞം പ്രോജക്ടിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്. സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതി പ്രകാരം ആദിവാസി കോളനികൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനായി 2012 ജനുവരി 1 മുതൽ ഗ്രാമപഞ്ചായത്ത് ഒന്നിന് 2 വീതം മോട്ടിവേറ്റർമാരെ ഒരു വർഷത്തേക്ക് നിയമിച്ചിട്ടുണ്ട്. ആദിവാസി കോളനികൾ കേന്ദ്രീകരിച്ച് വിവിധ ശുചിത്വ ബോധവത്കരണ ക്യാമ്പുകൾ നടത്തുകയും കോളനി ശുചീകരണം സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ശുചിത്വ ബോധവത്കരണ പരിപാടികൾ നടത്തുന്നതിനായി വാർഡ് ഒന്നിന് 2000 രൂപ പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് ആകെ 9.18 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ